**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **24-02-2026 - ൽ മറുപടിയ്ക്ക്**

**നബാർഡ് ഫണ്ട് വഴി നടപ്പിലാക്കിയ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് ഫണ്ട് വഴി നടപ്പിലാക്കിയ പള്ളിച്ചൽ വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പൂർണ്ണമായ വിവരം ലഭ്യമാക്കാമോ; ഭരണാനുമതി ലഭ്യമായ തീയതി, തുക, പ്രവൃത്തി ആരംഭിച്ച തീയതി, പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ആയതിന്റെ നേട്ടങ്ങൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിലുൾപ്പെട്ട പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും, കോവളം നിയോജക മണ്ഡലത്തിലുൾപ്പെട്ട ബാലരാമപുരം പഞ്ചായത്തിനും ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഒന്നാം ഘട്ട പദ്ധതിയ്ക്ക് 24.07.2008-ൽ 38.62 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽ നിന്നും നൽകുകയുണ്ടായി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 10.08.2012-ൽ ആരംഭിക്കുകയും, പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജല സംഭരണികളിലെത്തിച്ച്, നിലവിലുള്ള ജലവിതരണ ശൃംഖല വഴി ജലവിതരണം നടത്തിക്കൊണ്ട് 14.07.2014-ൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തിരുന്നു. ചൂഴാറ്റുകോട്ടയിൽ 15.5 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ പുതിയ പമ്പിംഗ് മെയിനുകൾ, പമ്പ്സെറ്റുകൾ, പ്രധാന ട്രാൻസ്മിഷൻ മെയിനുകൾ, ജലവിതരണശൃംഖല എന്നിവ സ്ഥാപിക്കലും, ബാലരാമപുരം പഞ്ചായത്തിൽ ജലസംഭരണിയുടെ നിർമ്മാണവും ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയിരുന്നു. എന്നാൽ പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും, പള്ളിച്ചൽ പഞ്ചായത്തിലെ മൊട്ടമൂടിൽ ജലസംഭരണി നിർമ്മിക്കാനുള്ള സ്ഥലവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരവും, പ്രധാന പൈപ്പ്ലൈനുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് മൂന്നിടങ്ങളിൽ റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭിക്കാത്തതും, പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിന് തടസ്സമായി.<br><br>പിന്നീട് വിളവൂർക്കൽ, പള്ളിച്ചൽ പഞ്ചായത്തുകളിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാവുകയും, ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി നബാർഡിൽ നിന്നും |

| | | | |
|---|---|---|---|
| | | | 16.11.2016-ൽ 10.24 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അതിന്റെ ഭാഗമായി വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് 4.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയും, 4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതലജല സംഭരണിയും, ജലവിതരണ ശൃംഖലയും, പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ 8.7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല സംഭരണിയും ഉൾപ്പെടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 02.02.2021ൽ കമ്മിഷൻ ചെയ്യുകയും ചെയ്തു.<br><br>ഒന്നാംഘട്ട പദ്ധതിയിൽ അനുമതി ലഭ്യമാകാതിരുന്ന റെയിൽവേ ക്രോസ്സിംഗുകളിൽ ഒരെണ്ണത്തിന് പിന്നീട് അനുമതി ലഭിക്കുകയും അത് നെയ്യാറ്റിൻകര ഡിവിഷനിൽ നിന്നും പൂർത്തീകരിക്കുകയും ചെയ്തിരുന്നു. മൊട്ടമൂടിലെ ജലസംഭരണിയുമായി ബന്ധപ്പെട്ട കോടതി വ്യവഹാരത്തിൽ തീരുമാനമാകാത്തതിനാലും, മറ്റിടങ്ങ ളിലെ റെയിൽവേ ക്രോസ്സിംഗിന് അനുമതി ലഭിക്കാത്തതിനാലും, നേരത്തേ പൈപ്പ്ലൈനുകളിൽ കൂട്ടിയോജിപ്പിക്കൽ പ്രവൃത്തികൾ നെയ്യാറ്റിൻകര ഡിവിഷനിൽ നിന്നും നടത്തി ജലവിതരണം നടത്തിവരുന്നുണ്ട്. കൂടാതെ ബാലരാമപുരം പഞ്ചായത്തിലെ ജല സംഭരണിയിലേയ്ക്ക് കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള ശുദ്ധജലമെത്തിക്കുന്നതിന് ജലജീവൻ മിഷനിലുൾപ്പെടുത്തി പുതിയ പൈപ്പ്ലൈൻ സ്ഥാപിച്ച് അതിൽ നിന്നുള്ള ജലവിതരണവും നെയ്യാറ്റിൻകര ഡിവിഷൻ മുഖേന സാദ്ധ്യമാക്കിയിട്ടുണ്ട്. നിലവിൽ മൂന്നു പഞ്ചായത്തുകളിലുമായി ഏകദേശം രണ്ട് ലക്ഷത്തോളം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാമോ; അനുമതി ലഭ്യമായ തീയതി, അനുവദിച്ച തുക, ആരംഭിച്ച തീയതി, പൂർത്തിയാക്കിയ തീയതി, പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ, ആയതിന്റെ നേട്ടങ്ങൾ, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിലുൾപ്പെട്ട വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്ന തിനായി സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി വിളപ്പിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുന്നതിനായി 16 കോടി രൂപയുടെ ഭരണാനുമതി 31.03.2016-ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ കരമനയാറ്റിലെ കാവടിക്കടവിൽ ഒരു പുതിയ കിണറും പമ്പ്ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ, 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, വാഹിനിക്കുഴലുകൾ, ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി കരമനയാറ്റിൽ 2 മീ. ഉയര ത്തിൽ തടയണയുടെ നിർമ്മാണം തുടങ്ങിയവയാണ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടിട്ടുള്ളത്. 06.03.2019-ൽ ആരംഭിച്ച് 12.04.2023-ൽ കമ്മീഷൻ ചെയ്തു.<br><br>വിളപ്പിൽ പഞ്ചായത്തിലെ കാവടിക്കടവിനു സമീപം കരമന നദിയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കിണറിൽ നിന്നും ജലം 400 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പിലൂടെ പമ്പ് ചെയ്ത് ചീലപ്പാറയിൽ നിർമ്മാണം പൂർത്തിയാക്കിയ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിലെത്തിച്ച് ശുദ്ധീകരിച്ച ശേഷം അവിടെത്തന്നെ നിർമ്മിച്ച 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയിൽ ശേഖരിക്കുന്നു. ഈ ജലസംഭരണയിൽ നിന്നും 5 എം.എൽ.ഡി. ശുദ്ധജലം പമ്പ് ചെയ്ത് ചീലപ്പാറയിൽ തന്നെ നിർമ്മിച്ചിട്ടുള്ള 8 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലെത്തിക്കുന്നു. പ്രസ്തുത ജലസംഭരണിയിൽ നിന്നും ശുദ്ധ ജലം പുതുതായി സ്ഥാപിച്ച 300 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ് ലൈനിലൂടെ നിലവിലുള്ള ജലവിതരണ ശൃംഖലയിലെത്തിച്ചും, ബാക്കിയുള്ള 5 എം.എൽ.ഡി. ശുദ്ധജലം 300മീമീ വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ് ലൈൻ 3.8 കി.മീ. ദൈർഘ്യത്തിൽ സ്ഥാപിച്ച് അതിലൂടെ നൂലിയോട് നിലവിലുള്ള ഉപരിതല ജലസംഭരണി യിലെത്തിച്ച് നിലവിലുള്ള ജലവിതരണ ശൃംഖലകൾ വഴിയും വിതരണം നടത്തുന്നു. ആധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച ജലം നിലവിലുള്ള ജലവിതരണ ശൃംഖലകൾ വഴി വിളപ്പിൽ പഞ്ചായത്തിലെ വിവിധ മേഖലകളിൽ വിതരണം നടത്തുന്നു. ഈ പദ്ധതിയിൽ ആവശ്യമായ സബ്സ്റ്റേഷൻ, ട്രാൻസ്ഫോർമറുകൾ, പവർ സപ്ലൈ അറേഞ്ച്മെന്റ്, പമ്പ്സെറ്റുകൾ തുടങ്ങിയവയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വിളപ്പിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ